(ഇ) ഡി. റ്റി. ഒ.—മാരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും റൂട്ടിൽ പുതിയ ബസ്സുകൾ ഓടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കോർപ്പറേഷൻ ഇപ്പോൾ 3,430 റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. 2,424 ഷെഡ്യൂളുകളാണ് ആകെയുള്ളത്. ഒന്നിലധികം റൂട്ടുകളിലേക്കുള്ള ട്രിപ്പുകൾ ചേർന്നതാണ് ഒരു ഷെഡ്യൂൾ.

(ബി) ഒരു ദിവസം ഒരു ബസ് എന്നു തീരുമാനിച്ചത് മേയ് 1977 മുതലാണ്. ഈ സാമ്പത്തിക വർഷം ഈ പരിപാടി അനുസരിച്ച് ഇതേവരെ 231 ബസ്സുകൾ സർവ്വീസിനു ഇറക്കിയിട്ടുണ്ട്.

(സി) 1977 മേയ് മാസത്തിനുശേഷം ബസ്സുകൾ ഇറക്കിയതിന്റെ പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) പുതിയ ബസ്സുകൾ ഏതെല്ലാം റൂട്ടുകളിൽ ഓടിക്കണം എന്നല്ല സാധാരണ പരിഗണിക്കാറുള്ളത്. കൂടുതൽ പഴക്കം ചെന്ന വണ്ടികൾ പിൻവലിക്കുന്നതിന് ഏത് യൂണിറ്റിലാണ് പുതിയ ബസ്സ് നൽകേണ്ടത് എന്നാണ് പരിഗണിക്കാറുള്ളത്. ഇതിനുള്ള അധികാരം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്.

(ഇ) ഇല്ല.

വൈക്കത്ത് കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷൻ പണി

597 [856] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈക്കത്ത് കെ. എസ്. ആർ. ടി. സി. വക ബസ്സ് സ്റ്റേഷൻ പണിതുടങ്ങുവാൻ എന്തുകൊണ്ടാണ് താമസിക്കുന്നത്;

(ബി) കഴിഞ്ഞ വർഷം സഭയിൽ നൽകിയ ഉറപ്പനുസരിച്ച് ഈ ബസ്സ് സ്റ്റേഷന്റെ പണി നടക്കാതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് അതിന്റെ പണി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പരാധീനതമൂലം.

(ബി) മേൽപ്പറഞ്ഞ കാരണങ്ങളൊഴികെ പ്രത്യേകിച്ചു കാരണമൊന്നുമില്ല.

(സി) വൈക്കത്തെ ബസ്സ് സ്റ്റേഷൻ നിർമ്മാണത്തിനു ടെൻഡർ വിളിച്ചുകഴിഞ്ഞു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 15-3-79 ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. സ്വീകരിച്ചു കഴിഞ്ഞാൽ ഉടനടി പണികൾ ആരംഭിക്കുന്നതാണ്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly